**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6388** **10-11-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എൽ.പി.എസ്.എ., യു.പി.എസ്.എ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ; | (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.07.2021 -ലെ എ1/6686/2021/ഡി.ജി.ഇ കത്ത് പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിലവിലുള്ള ഒഴിവുകൾ സമയപരിധിക്കുള്ളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും നിയമാനുസൃത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ബഹു. കോടതി/ട്രൈബ്യൂണലുകൾക്ക് മുമ്പാകെ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസുകളിൽ ഡീ കേഡർ/ ഡൗൺ ഗ്രേഡ് നടത്തി പി.എസ്.സി മുഖേന നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി ആയത് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ 08/06/2021 ലെ സ.ഉ.(കൈ) 13/2021/ ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് സ്കൂൾ തുറക്കുമ്പോൾ ഉണ്ടാകുന്ന അധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 21.10.2021-ലെ യു.2/364/2021/പൊ.വി.വ സർക്കാർ കത്തിലെ നിർദ്ദേശങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.10.2021-ലെ എ2/1570/2020/ഡി.ജി.ഇ നമ്പർ കത്തിലെ നിർദ്ദേശങ്ങളും അനുസരിച്ച് പ്രൈമറി സ്കൂൾ ടീച്ചർമാർക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി പ്രധാനദ്ധ്യാപകരായി ഉത്തരവ് നൽകി. എന്നാൽ പ്രസ്തുത ഉത്തരവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021-ലെ ഒ.എ (ഇ.കെ.എം) 1696/2021 നമ്പർ ഉത്തരവിലൂടെ മൂന്നാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ